2022 ജനുവരിയില് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചൊരു നാളില് തന്റെ ആദ്യ പോസ്റ്റുമായി നമ്മുടെ ടീ ബി പേജില് ഒരു താരമുദയം ചെയ്തു. ''ദേശ് മേരെ രംഗീല രഹെ'' ! ആത്മഹര്ഷം തുളുമ്പിയ പുതുഭാവതരംഗം പ്രസരിപ്പിച്ച നൃത്തത്തിലൂടെ (പശ്ചാത്തലമൊരുക്കിയ ആലപ്പുഴയിലെ FCI ഗോഡൗണ് തെരുവോരദൃശ്യവും കൂടിച്ചേര്ന്ന ഇമ്പമേറിയ കാഴ്ച) സഹൃദയശ്രദ്ധ ഏറെ നേടുകയും ചെയ്തു. അപൂര്വമായി മാത്രമെ പോസ്റ്റുകള് പിന്നീടുണ്ടായുള്ളുവെങ്കിലും വന്ന പോസ്റ്റുകള് ടീ ബി സഹര്ഷം ഏറ്റെടുക്കുകയായിരുന്നു. തന്റെ മകളേയും ചേര്ത്തു തയ്യാറാക്കിയ റീലിലൂടെ- അക്കാലത്തെ ട്രെന്റായിരുന്ന 'കച്ച ബദാം''- മികവാര്ന്നൊരു നര്ത്തകി തെളിഞ്ഞു വിളങ്ങിയിരുന്നു.

ടി ബീ ഓണ്ലൈെന് പരിപാടിയായിരുന്ന ''റിതു''വില് അവര് പങ്കെടുത്തപ്പോഴും തനതായ വ്യക്തിമുദ്രകള് പതിപ്പിച്ച പ്രകടനമായി വിലയിരുത്തപ്പെട്ടു.

''ടാലന്റഡ് ബാങ്കേഴ്സ് എന്ന കൂട്ടായ്മയെക്കുറിച്ച് ഞാന് വളരെ വൈെകിയാണറിഞ്ഞത്. കൊല്ലത്ത് മീറ്റ് നടക്കുമ്പോള് അതില് പങ്കെടുക്കുവാന് ഒരു ക്ലാസ്സിക്കല് നൃത്തവുമായി വരണമെന്ന ആഗ്രഹം സഫലമായില്ല. മീറ്റില് പങ്കെടുത്തുവെങ്കിലും മതിയായ തയ്യാറെടുപ്പിന് സമയം കിട്ടാത്തതിനാല് സദസ്സിലൊതുങ്ങിയിരുന്ന് എല്ലാം ഉള്ക്കൊള്ളുകയായിരുന്നു.

കോഴിക്കോട് നാലാം മീറ്റിനു ചെന്നെത്തി അതിനു പരിഹാരം കണ്ടേ മടങ്ങൂ ഞാനെന്ന ദൃഢനിശ്ചയം അന്നേയെടുത്തിരുന്നൂ''- ഈയാഴ്ച്ചയിലെ ദളം മനസ്സു തുറക്കുന്നു-

അതെ. കോഴിക്കോട് അവര് വന്നു. കണ്ടു കീഴടക്കുക തന്നെ ചെയ്തു. ആ താരം ദളമായി വിടരുന്നൂ,

ഈയാഴ്ച്ചയില്.

ലിനിന് കെ.ബേബി
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
സിവില് സ്റ്റേഷന് ബ്രാഞ്ച്
ആലപ്പുഴ.

നൃത്തം മനസ്സിലെന്നും ഒളിമിന്നിയിരുന്നു. സ്കൂള്-കോളേജ് പഠനസമയത്ത് ശാസ്ത്രീയമായി അഭ്യസിക്കുവാന് കഴിഞ്ഞതുമില്ല.

പഠിച്ച വിദ്യാലയങ്ങളില് കലാസാംസ്കാരിക

പരിപാടികളില് പങ്കെടുത്തിരുന്നുവെങ്കിലും കോളേജു കാലത്ത് N C C ആയിരുന്നു തന്റെ ഇഷ്ടമേഖല.

ജോലി നേടി വിവാഹിതയുമായി ഒരു കുഞ്ഞിന്റെ അമ്മയുമായി മാറിയതു തൊട്ടാകണം ഉള്ളിലുറങ്ങിയിരുന്ന താളബോധത്തെ തിരിച്ചറിഞ്ഞതും!

നൃത്തത്തെ പുല്കിയുണര്ത്തിയ ലിനിന് എന്ന ബാങ്കര് സുഹൃത്സംഗമങ്ങളില് ആത്മഹര്ഷത്തിന്റെ പ്രഭ ചൊരിയുന്ന വിശേഷങ്ങള് പങ്കു വെയ്ക്കുന്നു ഇന്നീ ശുഭദിനത്തില് നമ്മോടൊപ്പം.

ചെങ്ങന്നൂരില് ശ്രീ സി.കെ.ബേബി - ശ്രീമതി ഇ. എന്. കാര്ത്ത്യായനി ദമ്പതികളുടെ മൂന്നു മക്കളില് രണ്ടാമത്തെയാളാണ് ലിനിന്.

പിതാവ്, ഇന്ത്യന് ആര്മിയില് ഓഫീസര് ആയി സേവനമനുഷ്ഠിച്ചു വിരമിച്ചു; സി.ഐ.എസ്. എഫിലൂടെ സേവനം തുടര്ന്നശേഷം ഇപ്പോള് വിശ്രമജീവിതം നയിക്കുന്നു. മാതാവ്, ഗൃഹഭരണത്തില് ശ്രദ്ധയൂന്നി.

ലീന കെ ബേബിയും (ആരോഗ്യവകുപ്പ്) ലിബിന് കെ ബേബി (UK) യുമാണ് സഹോദരങ്ങള്.

തന്റെ വ്യക്തിത്വ വികസനത്തിന് പിതാവിന്റെ ഗൈഡന്സ് വിലപ്പെട്ടതായിരുന്നു. ലിനിന് തന്റെ ബിരുദ പഠനകാലത്തെ എന്.സി.സി പ്രവര്ത്തനങ്ങളും നാഷണല് ഇന്റഗ്രേഷന് ക്യാമ്പ്, പാരാസെയിലിംഗ് ട്രെയിനിംഗ് ക്യാമ്പ് എന്നിവയിലൂടെ നേടിയ ടീം ബില്ഡിംഗ് പാഠങ്ങളും തന്റെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുകയായിരുന്നു.

കാരക്കാട് S.H.V H S, കോയിപ്രം G H S, വെല്ലിംഗ്ടണ് ഐലണ്ട് GHS, എറണാകുളം സെന്റ് തെരേസാസ് കോളേജ് (പ്രീ-ഡിഗ്രി), ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് (ഡിഗ്രി) കോഴഞ്ചേരി സെന്റ് തോമസ് കോളേജ് (ബിരുദാനന്തരം ബിരുദം) എന്നിവിടങ്ങളില് പഠനം.
കോമേഴ്സില് മാസ്റ്റര് ബിരുദം നേടി. തുടര്ന്ന് ജോലി ലഭിക്കുവാന് പാകപ്പെടുത്തുന്ന സംരംഭമായ കൊല്ലം ICDS നിന്ന് പരിശീലനം നേടി വിവിധ ടെസ്റ്റുകളെഴുതി.

2008 ല് LIC ഡെവലപ്മെന്റ് ഓഫീസര് ആയി ഔദ്യോഗിക ജീവിതത്തിനു തുടക്കമിട്ടു.

2009 ല് സ്റ്റേറ്റ് ബാങ്ക് റിക്രൂട്ട്മെന്റ് ടെസ്റ്റിലൂടെ
ബാങ്കര് ജോലിയില് പ്രവേശിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ചെങ്ങന്നൂര് ബ്രാഞ്ചില് കസ്റ്റമര് അസോസിയേറ്റായിട്ടായിരുന്നു
ആദ്യ നിയമനം. തുടര്ന്ന് തിരുവനന്തപുരം RBO, ആലപ്പുഴ ADB, പുന്നപ്ര
എന്നിവിടങ്ങളിലെ സേവനശേഷം ഇപ്പോള് ആലപ്പുഴ
സിവില് സ്റ്റേഷന് ബ്രാഞ്ചില് സീനിയര് അസോസിയേറ്റായി
പ്രവര്ത്തിക്കുന്നു.

ആലപ്പുഴയിലെ ശ്രീ എ. കെ. സുദര്ശനന് വരണമാല്യമണിയിച്ച ലിനിന്
നൃത്തപാഠങ്ങളില് തുണയേകുവാന് കുടുംബമൊന്നാകെ ഒത്തു
ചേരുകയും ചെയ്യുന്നു. ശ്രീ സുദര്ശനന്, കേരള സംസ്ഥാന
സെക്രട്ടേറിയറ്റില് പൊതുഭരണവകുപ്പില് സെക്ഷന് ഓഫീസറായി
പ്രവര്ത്തിക്കുന്നു.

ഇപ്പോള് അഞ്ചാം ക്ലാസ്സിലായ പൊന്നോമന മകള് നേഹയുമൊത്താണ്
നൃത്ത ക്ലാസ്സുകളും ഒഴിവുസമയ പരിശീലനങ്ങളും.

ശ്രീമതി പി .ശാന്തി, ശ്രീമതി മിന്നു വെറോണി ആന്റണി, ശ്രീ സിജൊ, ശ്രീ
അജിത് പി.അശോക് (D4Dance ഫെയിം) എന്നീ ഗുരുക്കളുടെ വിദഗ്ദ്ധ
ശിക്ഷണത്തിലൂടെ
പെര്ഫെക്ഷനിലൂന്നിയ ചുവടുകള് ഹൃദിസ്ഥമാക്കുവാന് കഴിഞ്ഞു.
ഭരതനാട്യത്തില് പരിശീലനം തുടരുകയും ചെയ്യുന്നു.

യാത്രകളും ഫുഡ് എക്സ്പ്ലൊറേഷനും ലിനിന്റെ ഹോബികളാണ്.
ഓരോ പ്രദേശത്തെത്തുമ്പോഴും അവിടങ്ങളിലെ രുചികരങ്ങളായ
ഭക്ഷണരീതികള് മനസ്സിലാക്കാന് സമയം കണ്ടെത്തും.

''ആഹാ! അതെങ്ങിനെയറിഞ്ഞു?''

''കൂട്ടുകാരായ സഹബാങ്കര്മാരില് നിന്ന്''

ഉത്തരം കേട്ട് ലിനിന് പൊട്ടിച്ചിരിച്ചു -
'''അതെ. ഓരോ സ്ഥലത്തു പോകുമ്പോഴും അവിടുത്തെ തനതു
രുചികള് ആസ്വദിച്ചറിയുവാന് എനിക്ക് ഒരു പാട് ഇഷ്ടമാണ്''- ലിനിന് ആ
കേട്ട കാര്യം സാക്ഷ്യപ്പെടുത്തി.

കോഴിക്കോട് മീറ്റിന്റെ താരത്തിളക്കത്തില് 'അച്ചടക്കത്തിന്റെ
വാളോങ്ങിയ ടീച്ചര്'
എന്ന് ഒരുകൂട്ടര്, 'ഞങ്ങളുടെ മുയല്ക്കുട്ടി' എന്ന് വേറൊരുകൂട്ടര്- ഏവരും
ഒരേ സ്വരത്തില് ലിനിനെ വിശേഷിപ്പിച്ചതും അവരുടെ വ്യക്തി
വൈഭവത്തിനു തെളിവാകുന്നു.

''ആദ്യദിനത്തിലെ അവസാന ഇനമായിരുന്ന 'മെഗാഷോ'യില് നൃത്തവിഭാഗത്തിന്റെ സംഘാടകയും പരിശീലകയുമൊക്കെയായി അരങ്ങിന്റെ വിളക്കായി ലിനിന് മാറി''- മെഗാഷോയുടെ തിരക്കഥയും സംവിധാനവും നിര്വഹിച്ച അനുഗ്രഹീത സിനിമാസഹ സംവിധായകനും ടീ ബി മുന് ദളവുമായ അനുശീലനു പറയുവാനേറെയുണ്ട് വിശേഷങ്ങള്.

ഈ ലേഖനത്തിന്റെ രചനാവേളയില് അനുശീലന് അയച്ചു തന്ന സന്ദേശത്തില് നിന്ന്--
''കോഴിക്കോട് മീറ്റിന് എല്ലാർക്കും കൂടി ഒരു പ്രോഗ്രാം ചെയ്താലോ എന്ന് ഞാൻ വെറുതെ ഒരു ചോദ്യം ചോദിച്ചതാണ് നമ്മുടെ ഒരു വാട്സ്ആപ്പ് ഗ്രൂപ്പിൽ. അതു പിന്നെ എല്ലാരും ഏറ്റെടുത്തു. ചെയ്തേ പറ്റുള്ളൂ എന്നായി. അതിൽ എന്നെ ഏറ്റവും കൂടുതൽ motivate ചെയ്തിട്ടുള്ളത് ലിനിൻ ആണ്. ഒരാളെ ഇങ്ങനെ വീണ്ടും വീണ്ടും encourage ചെയ്തുകൊണ്ടിരുന്നാൽ ഞാനല്ല ആരായാലും ഇതുപോലൊരു പരിപാടിക്ക് കച്ചകെട്ടി ഇറങ്ങുക തന്നെ ചെയ്യും.
ഇറങ്ങിയപ്പോൾ ഒട്ടുമുക്കാൽ ആളുകൾക്കും സ്റ്റേജിൽ കയറി പരിചയം ഇല്ല. പ്ലോട്ടില് കുറേയധികം ഡാന്സേഴ്സ് കഥാപാത്രങ്ങളായും വരുന്നുണ്ട്. അവരില് പലരും ഡാൻസ് എന്ന സംഭവം ചിന്തിച്ചിട്ട് പോലുമുണ്ടായിരുന്നില്ല. ശരിക്കും അവരെയൊക്കെ dancers ആക്കി മാറ്റി എടുത്തത് ലിനിന്റെ മാത്രം കഴിവാണ്. ബാങ്കിലെ ജോലി കഴിഞ്ഞു വീട്ടിൽ എത്തിയാൽ അവിടത്തെ ജോലികളൊക്കെ മാറ്റി വച്ചു ലിനിൻ ഓടിയിരുന്നത് നമ്മോടൊപ്പം ഉള്ളവരെ online ൽ ഡാൻസ് പഠിപ്പിക്കാനായിരുന്നു.
നമ്മളോടൊപ്പം തമാശ പറഞ്ഞിരുന്ന ലിനിൻ അവിടെ ഒരു ടീച്ചർ ആകും. ചിലപ്പോൾ ശകാരിച്ചും ക്ഷമയോടെ തെറ്റുകൾ തിരുത്തി കൊടുത്തും ശരിക്കുമൊരു ടീച്ചർ! ശരിക്കും ഇങ്ങനെ എല്ലാരേയും പഠിപ്പിക്കുന്ന തിരക്കിൽ ടീ ബി മീറ്റിൽ സ്വന്തമായി ചെയ്യേണ്ടിയിരുന്ന ഒരു സെമി ക്ലാസിക്കൽ ഡാൻസ് പ്രാക്ടീസ് ചെയ്യാൻ സമയം ഇല്ലാത്തതിനാൽ ലിനിൻ ഒഴിവാക്കി. പകരം മുൻപ് പഠിച്ച ഒരു solo dance ആണ് കോഴിക്കോട് കളിച്ചത്. മറ്റുള്ളവർക്ക് വേണ്ടി സ്വന്തം സമയവും അധ്വാനവും ഒരു മടിയും കൂടാതെ ചിലവഴിക്കാൻ കഴിയുന്ന ഒരു നല്ല മനസിന്റെ ഉടമ കൂടിയാണ് ലിനിൻ. വിവാഹം കഴിഞ്ഞു ഒരു കുട്ടിയും ഉണ്ടായ ശേഷം നൃത്തപഠനം തുടങ്ങിയ ഒരാളാണ് ഇതൊക്കെ ചെയ്യുന്നതെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. മറ്റുള്ള നർത്തകർക്കൊക്കെ നൃത്തം ഒരു ആവേശം ആണെങ്കിൽ ലിനിനു അതൊരു അഭിനിവേശം ആണ്. അതിനു പകരം മറ്റൊരു വാക്ക് ഉപയോഗിക്കാൻ കഴിയില്ല. വളരെ താമസിച്ചാണ് നൃത്തപഠനം തുടങ്ങിയതെങ്കിലും ആ കാര്യത്തിൽ വളരെ സൂക്ഷ്മമായ കാര്യങ്ങൾ പോലും ശ്രദ്ധിക്കുന്നു. ഒരു സംഭവം മനസ്സില് നിറഞ്ഞു നില്ക്കുന്നു- TB മീറ്റിനിടയിൽ നൃത്തവേഷത്തിൽ ഞാനൊരു ഫോട്ടോ എടുത്തു കൊടുത്തു. വളരെ നല്ലൊരു ഫോട്ടോ; കാണുന്നവർക്ക് എല്ലാർക്കും ഇഷ്ടപെടും. എന്നാൽ ലിനിൻ ആ ഫോട്ടോ സോഷ്യൽ

മീഡിയയിൽ എവിടെയും post ചെയ്യില്ല. അതിനു കാരണം പറഞ്ഞത് അതിൽ കയ്യുടെ മുദ്ര ശരിയായില്ല എന്നാണ്. അങ്ങനെ ശരിക്കുമൊരു പെർഫെക്ഷനിസ്റ്റ് ആണ് ലിനിൻ"

ലിനിന് അവതരിപ്പിച്ച സെമി-
ക്ലാസിക്കല് നൃത്തശില്പം - പമ്പാഗണപതി എന്ന ഭക്തിഗാനത്തിന്റെ പശ്ചാത്തലത്തില് - മീറ്റിലെ ശ്രദ്ധേയമായ സോളോ പെര്ഫോമന്സുകളിലൊന്നായി മാറുകയും ചെയ്തു.

"കോഴിക്കോട് മീറ്റില് പങ്കെടുത്തേ മതിയാകൂ" എന്ന ആഗ്രഹം നിറവേറി- ലിനിന്റെ വാക്കുകളില് ചാരിതാര്ത്ഥ്യം നിറഞ്ഞു.

"എന്റെ സര്ഗ്ഗ പ്രവര്ത്തനങ്ങളില് കുടുംബാംഗങ്ങള് ഏവരും സഹപ്രവര്ത്തകരും നല്കുന്ന പിന്തുണയും ടീ ബി എന്ന പ്ലാറ്റ് ഫോമിലൂടെ ലഭിച്ച വിവിധ ബാങ്കുകളിലെ കൂട്ടുകാരും നല്കുന്ന പ്രചോദനവും വാക്കുകള്ക്കതീതമാണ്.
State Bank Staff Union സംഘടിപ്പിച്ച 'നിറക്കൂട്ട്' എന്ന കലോത്സവത്തില് നൃത്തം ചെയ്യുവാനവസരമുണ്ടായതും തന്റെ സര്ഗപ്രവര്ത്തനങ്ങളിലെ നാഴികക്കല്ലുകളിലൊന്നായി കരുതുന്നു".

"ഭരതനാട്യത്തില് പഠനം തുടരുന്നു.
അതിലെ പുതുപാഠങ്ങള് ഉള്ക്കൊള്ളണം"- ഭാവി പ്രതീക്ഷകള് പങ്കുവച്ചുകൊണ്ട് ഞങ്ങളുടെ സംഭാഷണം അവസാനിച്ചു.

ടീ ബി ദളവും ഫോട്ടോഗ്രഫിയിലും യാത്രകളിലും യാത്രാവിവരണങ്ങളിലും നൈപുണ്യം തെളിയിച്ച ബാങ്കറുമായ സുധീഷ്, (ഏവരുടേയും പ്രിയപ്പെട്ട സുധി Sudhy SJ) 'മെഗാഷോ'യുടെ ഫോട്ടോഷൂട്ട് ചെയ്ത് അതിന്റെ ഭാവതലങ്ങള്ക്ക് പകിട്ടേറ്റിയ അഭിനേതാവും കൂടിയാണ്. ലിനിന്റെ സര്ഗവൈഭവങ്ങളിലേക്ക് വെളിച്ചം വിതറുന്ന ഇന്പുട്ടുകള് നല്കി ഈ ലേഖനം തയ്യാറാക്കുവാന് സഹായിച്ചു.

സുധി തയ്യാറാക്കിയ ഒരു ചെറു വിഡിയോകൂടി ഈ ലേഖനത്തില് ചേര്ത്ത് വയ്ക്കുന്നു.

**https://m.facebook.com/groups/talentedbankers/permalink/2564338900398534/?mibextid=Nif5oz**

നിതാന്ത ശ്രദ്ധയോടെ സമ്പുഷ്ടമാക്കിയ നൈപുണ്യത്താല് തന്റെ ആത്മഹര്ഷങ്ങളുടെ
ആവിഷ്കാരം നിര്വഹിക്കുന്ന ലിനിന്
അമ്മമാരായ യുവ ബാങ്കര്മാര്ക്കൊരു പാഠപുസ്തകം കൂടിയാകുന്നു.

ലിനിനും കുടുംബാംഗങ്ങള്ക്കും
സ്നേഹാശംസകളോടെ,

ടാലന്റഡ് ബാങ്കേഴ്സ്

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബി.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-----------------------------------------------------------------------------------------------

Her first post on our TB Page appeared as a dance cover for "Desh mere rangeela hai"! during the republic day celebrations of 2022. All of her posts, especially the reel made with her daughter to the tune of "kachcha badam" and her contribution to the TB online program "rithu", got noticed and received applause on our TB Page.

"I came to know of the Talented Bankers community quite late. Though I yearned to perform a classical dance at the Kollam meet, it didn't work out. As I sat among the audience that day, I promised myself that I would be prepared to enchant the audience at the Kozhikode meet," reveals this week's Talented Banker. And yes, she did exactly that!

Linin K Baby
State Bank of India
Civil Station Branch
Alappuzha

Though dance remained a latent talent in her all along, she never tried to learn classical dance during her school and college years. She participated in cultural programs while at school but preferred NCC while at college. And she had to wait till she earned a job, got married, and mothered a baby, to feel and respond to the dancer in her.

Linin is the second of three children born to Shri. C.K.Baby and Smt. E.N.Karthiyayani at Chengannur. Her father is a retired army officer who continued his service through CISF, and retired from there as well. Leena.K.Baby(health department) and Libin.K.Baby(UK) are her siblings. Her father has played a vital role in her personal development. She has learned her team-building skills through the NCC training, national integration camp, and parasailing training camp attended while pursuing her graduation.

She studied at the Karakkad S.H.V.H..S, Koipram G.H.S, Wellington Island G.H.S, Ernakulam St.

Teresa's College(pre-degree), Aluva St. Xavier's College(degree), and Kozhencheri St. Thomas College(post-graduation) to earn her Masters in Commerce. Then she got trained at the Kollam ICDS and appeared for various tests. She joined the LIC of India as Development Officer in 2008 and left the job when she got recruited by the State Bank of India in 2009. Her first posting was as Customer Associate at the Chengannur branch. Then she got transferred to Thiruvananthapuram RBO, Alappuzha ADB, Punnapra, and to Alappuzha Civil Station branch where she is presently posted as Senior Associate.

Her entire family, especially her spouse Shri. A.K.Sudarsanan who works as a section officer in the Public Administration department of the Kerala State Secretariat. Now her 5th-grader daughter accompanies her in her dance classes and practice sessions. She perfected her moves under the tutelage of Smt. P. Santhi, Smt. Minnu Veroni Antony and Shri Ajith. P. Ashok (D4Dance fame). She is still pursuing her Bharathanatyam lessons.

Linin loves traveling and exploring the traditional cuisines of the new places she visits. She was the coordinator and trainer for the dance section of the 'mega-show' program - the last one on the first day of the Kozhikode meet. Anuseelan, the director and script-writer of the 'mega-show', says Linin motivated him the most in bringing to reality his idea. Linin made dancers out of those who never performed on stage! She acted as a real teacher during the online preparation classes for the event. She was too engrossed in perfecting all for this that, she could not practise a semi-classical dance she had planned to do. Such was her dedication to motivate others that look up to her. Though she started learning dance late, she is a perfectionist. Linin's semi-classical dance, "Pampa Ganapathi" received huge applause at the Kozhikode meet. Sudhy S J, who did the photoshoot for the 'mega-show', also gave invaluable inputs to prepare this article.

Linin has no words to express her gratitude to all her family members, colleagues, and all TB friends from various banks who encourage and motivate her in all her creative endeavours. She also cherishes the memory of performing at the 'Nirakkoottu' cultural fest organized by the State Bank Staff Union. She is an encouragement to all young mothers to pursue their talents at any stage of their lives and live their passions.

We take this opportunity to wish Linin and her family all the very best in making all their dreams come true!